**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 486** **05-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലയിലെ പങ്കാളിത്ത പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന എത്ര ബോർഡ്, കമ്പനി, കോർപ്പറേഷനുകളിൽ പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ; | (എ) | 2019-20 ലെ 'A Review of Public Enterprises in Kerala' പ്രകാരം സംസ്ഥാനത്തെ 105 പൊതുമേഖലാ സ്ഥാപനങ്ങളിൽ കമ്പനീസ് ആക്റ്റിലെ നിബന്ധനകൾ പ്രകാരം രൂപീകരിച്ച പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം 1952ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം ആണ് അനുവർത്തിക്കുന്നത്. എന്നാൽ സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളായ കേരള വാട്ടർ അതോറിറ്റി, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നിവർ സർക്കാർ പെൻഷൻ സ്കീം ആണ് ഉപയോഗിക്കുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ ഇപ്പോൾ കമ്പനീസ് ആക്റ്റിനു കീഴിൽ കൊണ്ടുവന്നെങ്കിലും പ്രസ്തുത സ്ഥാപനം ഇപ്പോഴും സംസ്ഥാന സർക്കാരിന്റെ പെൻഷൻ സ്കീം ആണ് അനുവർത്തിക്കുന്നത്. 01.04.2013-ൽ സംസ്ഥാന സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി ആരംഭിച്ചതു മുതൽ മേൽ സൂചിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിലേയ്ക്ക് മാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര പങ്കാളിത്ത പെൻഷൻ ജീവനക്കാരുണ്ടെന്ന് സ്ഥാപനം തിരിച്ച് കണക്ക് വ്യക്തമാക്കാമോ? | (ബി) | ക്രമ നം സ്ഥാപനം പങ്കാളിത്ത പെൻഷൻ ജീവനക്കാരുടെ എണ്ണം 1. കേരള വാട്ടർ അതോറിറ്റി 2236 2. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 108 3. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് 44 4. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ 9050 5. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 7552 |

സെക്ഷൻ ഓഫീസർ